പ്രൊഫ. സി. രവീന്ദ്രനാഥ്
പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി
കേരള സർക്കാർ

04/09/2019

## അദ്ധ്യാപകദിന സന്ദേശം

കൂടുതൽ മെച്ചപ്പെട്ട സമൂഹം സൃഷ്ടിക്കാനായി ഇളംതലമുറയെ പ്രാപ്തരാക്കുന്നതിനാണ് വിദ്യാലയങ്ങൾ ആരംഭിച്ചതെന്നു നമ്മൾക്കറിയാം. നാളത്തെ സമൂഹം നമ്മുടെ സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും സാക്ഷാത്കാരമാകണം. മാനവികതയുടെയും സമഭാവനയുടെയും അത്തപ്പൂക്കളമൊരുക്കുന്ന ഓണത്തോടടുത്ത ദിവസങ്ങളിലാണ് കേരളം അധ്യാപകദിനം ആചരിക്കുന്നത്. സാമൂഹികനീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസത്തിനായി പ്രവർത്തിച്ച സാമൂഹികനവോത്ഥാന നായകരുടെ ജന്മദിനങ്ങളും ഈ കാലയളവിലാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അധ്യാപനജീവിതം മഹത്തരമായി അവർ കരുതിയിരുന്നു. നാളത്തെ സമൂഹത്തെക്കുറിച്ച് കേരളീയജനത വെച്ചുപുലർത്തുന്ന ആശയപശ്ചാത്തലം പുരോഗമനോന്മുഖമാണ്. കേരളത്തിലെ അധ്യാപകരും തിളക്കമുള്ള കാഴ്ചപ്പാടുള്ളവരാണ്. ശ്രേഷ്ഠമായ അധ്യാപനം ക്ലാസ് മുറിയിൽ മാത്രമായി പരിമിതപ്പെടുന്നില്ല. നാട്ടുവെളിച്ചമായിത്തീരുന്ന അധ്യാപകരുടെ സാമൂഹിക പ്രതിബദ്ധത പല വിധത്തിൽ നാം അനുഭവിച്ചറിയുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിജയിപ്പിക്കുന്നതിൽ, പ്രളയദുരന്തത്തെ അതിജീവിക്കുന്നതിൽ, അക്കാദമിക മികവുയർത്തുന്നതിൽ എല്ലാം ഇത് പ്രകടമാണ്.

പ്രസിദ്ധനായ ഒരു ദാർശനികൻ കെട്ടിക്കിടക്കുന്ന ജലാശയവും പൊട്ടിയൊഴുകുന്ന ജലവും താരതമ്യം ചെയ്ത് അധ്യാപകരോട് പറഞ്ഞത് ഇവിടെ പങ്കിടാം. കെട്ടിക്കിടക്കുന്ന ജലാശയത്തിന് വെല്ലുവിളികളില്ല. അത് സ്വയം മലിനമാകും. പൊട്ടിയൊഴുകുന്ന ജലമാകട്ടെ പാറക്കെട്ടുകളിൽ തട്ടിച്ചിതറിപ്പോയെന്നു വരാം. ദുർഘടമായ പ്രദേശങ്ങളിലൂടെ ഒഴുകേണ്ടിയും വരാം. വെല്ലുവിളികളേറെയുണ്ട്. പക്ഷേ അതിനൊരു ലക്ഷ്യമുണ്ട്. അത് പോകുന്നയിടങ്ങളിലെ ജനപഥങ്ങളെ സമ്പൽസമൃദ്ധിയിലേക്ക് നയിക്കും. അറിവും നൈപുണ്യവും നിരന്തരം പുതുക്കിക്കൊണ്ട് അറിവിന്റെ പ്രകാശഗോപുരമാകുന്ന അധ്യാപകരുടെ ശിഷ്യർ ഭാഗ്യം ചെയ്തവരാണ്.

ഓഫീസ് : മൂന്നാം നില, അനക്സ്-II, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2327574 ഫാക്സ് : 0471-2332133 വസതി : 0487-2383229
മൊബൈൽ : 9447973300 വെബ്സൈറ്റ് : www.ravindranath.org
ഇ-മെയിൽ : min.ednoffice@gmail.com

തുടരും..... 2..

വിഭാഗീയ ചിന്താഗതികളും അന്ധവിശ്വാസങ്ങളും നിഷേധാത്മക പ്രവണതകളും ശക്തിപ്പെടുന്നുണ്ടോ എന്ന ആശങ്ക പലകോണുകളിൽ നിന്നുയരുമ്പോൾ ശരിയായ വിദ്യാഭ്യാസം കൊണ്ട് അതിന് ശരിയായ മറുപടി നൽകുന്നവരാകണം അധ്യാപകർ. വർത്തമാന കാലത്ത് അധ്യാപകധർമത്തിന് സാമൂഹിക സാംസ്കാരിക മൂല്യം ഏറിവരികയാണ്. വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണെന്നു പറയുന്നതിന്റെ പൊരുൾ തിരിച്ചറിയണം. വിവേചനങ്ങളില്ലാതെ എല്ലാ വിഭാഗം കുട്ടികളും ഒന്നിച്ചിരുന്നു പഠിക്കുന്ന പൊതുവിദ്യാലയങ്ങളിലെ അധ്യാപകരെന്ന നിലയിൽ നാം അഭിമാനിക്കണം. ആ അഭിമാനബോധത്തെ പതിന്മടങ്ങ് ജ്വലിപ്പിച്ചെടുക്കണം. ഇന്ത്യക്കാകെ മാതൃകയാകും വിധം വിദ്യാലയങ്ങളെയും വിദ്യാഭ്യാസത്തെയും കേരളം ആധുനികവത്കരിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ കാലയളവിലെ അധ്യാപകരെന്ന നിലയിൽ നിങ്ങൾ സർഗാത്മകമായ ഇടപെടലുകളാൽ സമൂഹത്തിന്റെ വിശ്വാസ്യത തിരികെപ്പിടിച്ചവരാണ്. ഏറെ മുന്നേറാനുണ്ട് എന്നത് കൂടുതൽ അക്കാദമികക്കരുത്ത് ആർജിക്കുന്നതിന് പ്രേരിപ്പിക്കുന്നു. കേരളം ഇന്ത്യക്ക് ഒരു പാഠശാലയാകണം. നിങ്ങൾ സൃഷ്ടിക്കുന്ന നൂതനപാഠങ്ങളിലൂടെ പ്രസരിക്കുന്ന ജീവിതവീക്ഷണത്തിന്റെ പ്രഭാപൂരത്തിൽ നാടാകെ നന്മനിറയണം. അതിനായി കൈകോർക്കാം.

ഡോ. എസ്. രാധാകൃഷ്ണൻ മുറുകെ പിടിച്ച അദ്ധ്യാപന മൂല്യങ്ങൾ ഇന്നും പ്രസക്തമാണ്. പരിമിതികളിലൂടെയും പ്രതിസന്ധികളിലൂടെയും കടന്നുപൊയിക്കൊണ്ടിരുന്ന പൊതു ഇടമായ പൊതുവിദ്യാലയങ്ങളെ ജനാധിപത്യ മതനിരപേക്ഷ ഇടമാക്കി മാറ്റാനും, കുട്ടികൾക്ക് നീതിയും ഗുണതയുമുള്ള വിദ്യാഭ്യാസ ഉറപ്പാക്കാനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അദ്ധ്യാപക സമൂഹം ആത്മാർത്ഥമായി നടത്തുന്ന പരിശ്രമങ്ങൾ ജനകീയ പങ്കാളിത്തത്തോടെ കൂടുതൽ ഉയരങ്ങളിലേക്ക് വികസിപ്പിക്കാനുള്ള ഊർജ്ജമായി മാറട്ടെ ഈ വർഷത്തെ അദ്ധ്യാപകദിനം.

സി.രവീന്ദ്രനാഥ്